# ജി &വി എച്ച് എസ് എസ് ഫോർ ദി ഡഫ്
## ജഗതി, തിരുവനന്തപുരം

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-2026

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | **ഗവ. വി & എച്ച്.എസ്.ഫോർ.ഡെഫ്** |
| വിലാസം | : | തൈയ്ക്കാട് പി.ഒ., ഡി.പി.ഐ.ജംഗ്ഷൻ<br>ജഗതി, തിരുവനന്തപുരം - 695 014 |
| ഫോൺ | : | 0471 - 2325717 |
| സ്കൂൾ കോഡ് | : | |
| HS | : | 4370 |
| HSS | : | 1003 |
| VHSE | : | 901008 |
| വിദ്യാഭ്യാസ ഉപജില്ല | : | തിരുവനന്തപുരം (സൗത്ത്) |
| വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| റവന്യു ജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി | : | തിരുവനന്തപുരം സൗത്ത് |
| സി.ആർ.സി | : | പൂജപ്പുര |
| കോർപ്പറേഷൻ | : | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : | തിരുവനന്തപുരം |
| ലോക്സഭാമണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | തിരുവനന്തപുരം |
| വില്ലേജ് | : | തൈക്കാട് |
| email | : | |
| HS | : | deafschooltvm@yahoo.co.in |
| HSS | : | hssdeaf@gmail.com |
| VHSE | : | deafschooltvm@gmail.com |

## ആമുഖം

കേരളത്തിലെ ജനസംഖ്യയിൽ 15 വയസ്സുവരെയുള്ള കുട്ടികളിൽ 3% ഭിന്നശേഷിയുള്ളവരാണ്. ഇതിൽ മൂന്നിൽ ഒരു ഭാഗം കേൾവി പരിമിതരായ കുട്ടികളാണ്. ഇന്ന് സംസ്ഥാനത്ത് കേൾവി പരിമിതമരായ (H.I) കുട്ടികൾക്ക് വേണ്ടി മുഖ്യമായും രണ്ട് തരത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായമാണ് അവലംബിച്ചു വരുന്നത്. പൊതുവിദ്യാലയത്തിലെ കുട്ടികളോടൊപ്പം ബധിരരായ കുട്ടികളും ചേർത്തു പഠിപ്പിക്കുന്ന സംയോജിത വിദ്യാഭ്യാസ സമ്പ്രദായവും കേൾവി പരിമിതരായ കുട്ടികൾക്കുവേണ്ടി മാത്രമുള്ള സ്പെഷ്യൽ സ്കൂൾ സമ്പ്രദായവും.

ഭൂരിഭാഗം കുട്ടികളിലും ബധിരത 90% ൽ കൂടുതലാണ് (Profoundly Deaf) ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് പ്രത്യേക പഠന സംവിധാനങ്ങളും പഠന രീതികളും ഉൾക്കൊള്ളുന്ന സ്പെഷ്യൽ സ്കൂളുകൾ ഈ കാലഘട്ടത്തിലും ഏറെ അനിവാര്യമാണ്. സർക്കാർ മേഖലയിലുള്ള മൂന്ന് വിദ്യാലയങ്ങൾ ഉൾപ്പെട്ട മുപ്പത്തി രണ്ടോളം  ബധിര വിദ്യാലയങ്ങളാണ് സംസ്ഥാനത്തിൽ നിലവിലുള്ളത്.

സംസ്ഥാനത്തെ ബധിര വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങളിലും പഠനതന്ത്രങ്ങൾ ഉൾപ്പെടെയുള്ള പാഠ്യപദ്ധതിയിലും കാലോചിതവും ശാസ്ത്രീയവുമായ മാറ്റങ്ങൾ അനിവാര്യമാണ്. സ്പെഷ്യൽ സ്കൂളുകളിലെ 1 മുതൽ 3 വരെ യുള്ള ക്ലാസ്സിലെ പാഠപുസ്തകങ്ങൾ കേൾവി പരിമിതരായ കുട്ടികകൾക്കായി പരിഷ്കരിച്ചത് പ്രതീക്ഷ നൽകുന്നു.

## ലക്ഷ്യങ്ങൾ

- കുട്ടിയുടെ അവകാശത്തിലൂന്നിക്കൊണ്ടും വിവേചനരഹിതമായ വിദ്യാഭ്യാസ അന്തരീക്ഷം ഉറപ്പു വരുത്തിക്കൊണ്ടും, പ്രത്യേക കഴിവുകൾ ഉള്ള വിഭാഗം കുട്ടികൾക്ക് തികച്ചും സൗജന്യവും ഉയർന്ന നിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- അക്കാദമിക മികവിനും പ്രായോഗിക ജീവിതത്തിനും ഉതകുന്ന വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

- പ്രീപ്രൈമറി മുതൽ ഹയർ സെക്കന്ററി VHSC തലം വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടി സ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായ ശേഷികൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തന ങ്ങളുടെ രൂപപ്പെടുത്തലും അവ സമയ ബന്ധിതമായി നടപ്പിലാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടർ നിർമ്മിക്കലും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെന്ന നിലയിൽ നേരിടുന്ന വെല്ലുവിളികളെ മറികടക്കാൻ ഉതകുന്ന സർഗ്ഗാത്മകവും, രസകരവുമായ വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

## വിദ്യാലയ ലഘുചരിത്രം

1942 ൽ ദേവനേശൻ എന്ന അധ്യാപകൻ ആരംഭിച്ച ബധിര വിദ്യാലയം 1957-ൽ സർക്കാർ ഏറ്റെടുത്ത് ജഗതി ഡി.പി.ഐ. ജംഗ്ഷനിടത്തുള്ള കുക്കിലയാർ ലെയിനിൽ സ്ഥാപിച്ചു. രാജകുടുംബത്തിന്റെ കൈവശം ഇരുന്ന ഭൂമി ഈ സ്കൂളിനായി പതിച്ചുനൽകുകയായിരുന്നു. 1942 മുതൽ 1957 വരെ ദേവനേശൻ തന്നെ ഈ സ്കൂളിന്റെ അമരക്കാരനായിരുന്നു. 1957 ലെ കേരളത്തിലെ ആദ്യ മന്ത്രി സഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. ജോസഫ് മുണ്ടശ്ശേരി ഈ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പരിഗണന നൽകുകയും ബധിര വിഭാഗത്തോടൊപ്പം കാഴ്ച പരിമിതർക്കുള്ള വിഭാഗം കൂടി ആരംഭിക്കുകയും ഗ്രാന്റുകളും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുകയും ചെയ്തു.

1957 മുതൽ 1971 വരെ ശ്രീ ഡേവിഡ് ജോസഫ് വിദ്യാലയത്തിന്റെ സാരഥിയായി,തുടർന്ന് സർക്കാർ മേഖല യിൽ മറ്റ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് ഈ സ്കൂളിൽ നിയമനം നൽകുകയും താൽപര്യ മുള്ളവർക്ക് ഇത്തരം കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നൽകി കുട്ടികളുടെ ഭഷാർജ്ജന ത്തിനുള്ള കഴിവ് ത്വരിതപ്പെടുത്തുകയും ചെയ്തു. 1957 മുതൽ ഈ വിദ്യാലയത്തോടൊപ്പമുണ്ടായിരുന്ന കാഴ്ചപരിമിതരുടെ വിഭാഗം 1989 ൽ പ്രത്യേക വിദ്യാലയമായി പ്രവർത്തിച്ചു തുടങ്ങി. 1980 ൽ ടെക്നിക്കൽ ഹൈസ്കൂൾ ആയും 1986 ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലക്ഷ്യമാക്കി 1995 ൽ VHSE വിഭാഗവും 1997-ൽ HSS വിഭാഗവും ആരംഭിച്ചു. 1999 ൽ പ്രീ.പ്രൈമറി വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചു.

വിശാലമായ 3½ ഏക്കറിൽ സ്ഥിതിചെയുന്ന സ്കൂളിൽ രണ്ട് നില സ്കൂൾ കെട്ടിടം, ഒരു ഷീറ്റിട്ട കെട്ടിടം, മൂന്ന് നില ഹോസ്റ്റൽ മന്ദിരം VHSE കെട്ടിടം, ഓപ്പൺ എയർ ആഡിറ്റോറിയം, കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബുകൾ മൾട്ടിമീഡിയ റൂം, ലൈബ്രറി, ഡിജിറ്റൽ ലൈബ്രറി, ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, ക്ലോത്തിംഗ് എംബ്രോയിഡറി ലാബ്, ഭക്ഷണശാല, പാചകപ്പുര, കളിസ്ഥലം കുട്ടികളുടെ പാർക്ക് HM Quarters എന്നിവയുമുണ്ട്.

ഇന്ന് ഈ വിദ്യാലയം 80 വർഷം പിന്നിട്ട് മുഖ്യധാര വിദ്യാലയങ്ങളോടൊപ്പം പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നിട്ടുനിൽക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം

തെക്കൻ കേരളത്തിലെ സർക്കാർ മേഖലയിലെ ഏക ബധിര വിദ്യാലയമാണ് ജഗതിയിലെ ഗവ.വി &എച്ച്.എസ്.എസ് ഫോർ ദി ഡെഫ്. ഈ സ്കൂളിൽ കുട്ടികൾ അവരവരുടെ പരിമിതിയ്ക്കുള്ളിൽ നിന്നുകൊണ്ട് ശാസ്ത്ര മേളകളിലും IT മേഖലയിലും കലാകായിക രംഗത്തും സ്വന്തം കഴിവുകൾ പ്രകടിപ്പിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി SSLC, HSS, VHSE മേഖലകളിൽ 100% വിജയം കൈവരിച്ചു വരുന്നു.

VHSE വിഭാഗത്തിൽ പാസ് ഓട്ടായ എല്ലാ പെൺകുട്ടികൾക്കും സ്വയം പര്യാപ്തത നേടാൻ തയ്യൽ മെഷീനുകൾ കൊടുക്കുകയും ആൺകുട്ടികൾക്ക് വിവിധ പ്രിന്റിംഗ് പ്രസ്സുകളിൽ ജോലി നേടിക്കൊടുക്കുകയും ചെയ്തു വരുന്നു.

## പദ്ധതി രൂപീകരണപ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി. യോഗത്തിൽ സ്കൂൾ കാഴ്ചപ്പാട് - ചർച്ച
2. വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ തയ്യാറാക്കൽ
3, കരട് രൂപരേഖ തയ്യാറാക്കൽ
4. കരട് രൂപരേഖ വിവിധ തലങ്ങളിലുള്ള ശില്പശാലകളിൽ അവതരിപ്പിക്കൽ
5 ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
6. ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതികം

### നേട്ടങ്ങൾ

സ്കൂൾ വിഭാഗത്തിൽ 16 ക്ലാസ്സ് മുറികളുള്ള ഒരു കെട്ടിടവും VHSE വിഭാഗത്തിനായി രണ്ട് ക്ലാസ്സ് മുറികളുള്ള ഒരു കെട്ടിടവും HSS വിഭാഗം മറ്റൊരു കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, ഡിജിറ്റൽ ലൈബ്രറി, സ്കൂളിൽ യോഗം ചേരാൻ കഴിയുന്ന ഹാളും ഓപ്പൺ എയർ ആഡിറ്റോറിയവും സ്കൂൾവാനും മൾട്ടി ജിംനേഷ്യവും നിലവിലുണ്ട്. HS വിഭാഗത്തിൽ രണ്ടും VHSE വിഭാഗത്തിൽ രണ്ട് ക്ലാസ് മുറികളും HI tech ആയി സജ്ജീകരിച്ചിട്ടുണ്ട്. VHSE വിഭാഗത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായി മികച്ച ഒരു പ്രിന്റിംഗ് പ്രസ്സും, വസ്ത്ര നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നു. പെൺകുട്ടികൾക്കും ആൺ കുട്ടികൾക്കും താമസിക്കാൻ പ്രത്യേക ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ഹെഡ്മാസ്റ്റർ/ചീഫ് വാർഡൻ ക്വാർട്ടേഴ്സും നിലവിലുണ്ട്.

# <u>പരിമിതികൾ</u>

## <u>H.S.</u>

ആധുനിക കേൾവി പരിശോധനാ സംവിധാനങ്ങൾ ലഭ്യമാണെങ്കിലും CAI (Computer Assisted Instruction) പ്രകാരം ആർട്ടിക്കുലേഷന് Error പരിഹരിക്കുന്നതിന് സ്പീച്ച് തെറാപ്പിസ്റ്റ്, സ്പീച്ച് ട്രെയിനേഴ്സ് ഇവയൊന്നും വിദ്യാഭ്യാസ വകുപ്പ് വഴി സ്കൂളിന് നൽകിയിട്ടില്ല.

ബധിരരായ കുട്ടികൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം പ്രയോജന പ്രദമാക്കുവാൻ FM/Induction loop system ക്ലാസ് മുറികളിൽ സജ്ജീകരിക്കേണ്ടതാണ്.

പഠനത്തോടൊപ്പം ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കിയ കളിസ്ഥലങ്ങൾ അനിവാര്യമാണ്. കുട്ടികൾ താമസിച്ചു പഠിക്കുന്നതിനാൽ മേൽപ്പറഞ്ഞ കാര്യം വളരെയധികം പ്രാധാന്യമർഹിക്കുന്നു.

ഹോസ്റ്റൽ മുറികൾ പഠനാനുയോജ്യമായും വിദ്യാർത്ഥി  സൗഹൃദമായും ക്രമീകരിക്കേണ്ടതാണ്.

# <u>സാമൂഹികം</u>

**<u>നേട്ടങ്ങൾ</u>**

- മികച്ച സാമൂഹിക പിന്തുണ സംവിധാനങ്ങളുടെ ലഭ്യത
- സർക്കാർ സംവിധാനങ്ങളുടെ (SSA, RMSA) പിന്തുണ

**<u>പരിമിതി</u>**

ലഭ്യമായ പിന്തുണാ സംവിധാനങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുവാനാവശ്യമായ സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടില്ല.

# <u>അക്കാദമികം</u>

**<u>നേട്ടങ്ങൾ</u>**

1. തുടർച്ചയായ വർഷങ്ങളിൽ SSLC, HSS, VHSE പരീക്ഷകളിൽ 100% വിജയം
2. പൂർണ്ണമായും സജ്ജീകരിച്ച സ്മാർട്ട് ക്ലാസ്സ്റൂമുകൾ
3. സ്കൂൾവാൻ

**<u>പരിമിതികൾ</u>**

1. രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ സഹായിക്കുവാൻ വേണ്ടത്ര കഴിയാത്തത്.
2. വ്യവഹാര രൂപങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുവാൻ സാധിക്കുന്നില്ല.
3. പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിലും സിലബസ് അനുസരിച്ച് തയ്യാറാക്കിയ സയൻസ്, മാത്തമാറ്റിക്സ് ലാബുകളുടെ അഭാവം.
4. ഭൂരിഭാഗം കുട്ടികളും ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനാൽ സ്കൂൾ സമയത്തിന് ശേഷം അക്കാദമിക പിന്തുണ വേണ്ടത്ര ലഭിക്കുന്നില്ല.

# <u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ</u>

## <u>ഭാഷ</u>

## <u>ആമുഖം</u>

ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ ജീവിത സന്ദർഭങ്ങളിൽ ഭാഷ ഉപയോഗിക്കുന്നതിൽ പ്രയാസം നേരിടുന്നു. ലളിതമായ ഭാഷാ വ്യവഹാര രൂപങ്ങളിലൂടെ അക്ഷരങ്ങൾ, പദങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിച്ച് ചെറിയ പുസ്തകങ്ങൾ വർത്തമാനപത്രം മുതലുള്ള ഭാഷാ രചനകൾ വായിക്കുവാനും ആസ്വിക്കുന്നതിനുമുള്ള ശേഷികളും വളർത്തേണ്ടതുണ്ട്. ആയതിനാൽ വായനയിലേക്ക് നയിക്കാൻ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ചെറിയ ക്ലാസ്സുമുതൽ ഉൾപ്പെടുത്തുകയും കുട്ടിയ്ക്ക് പരിചിതമായ വാക്യസന്ദർഭങ്ങൾ ലഘു വ്യവഹാരരൂപങ്ങൾ എന്നിവ പ്രത്യേകം ' തയ്യാറാക്കി വായനയും, എഴുത്തും പോഷിപ്പിക്കുവാനുള്ള പ്രവർത്തനങ്ങളാണ് ഒരുക്കേണ്ടത്. ഭാഷയിൽ പിന്നാക്കം നിൽക്കുന്നവരെ എഴുത്തിന്റേയും വായനയുടെയും പാതയിലേക്ക് നയിക്കുന്നതിന് 2025-26 അധ്യയന വർഷത്തിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## വിഷയം : L.P. മലയാളം

**ലക്ഷ്യങ്ങൾ**

1. ഭാഷാ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

2. ക്ലാസ് ലൈബ്രറി

3. വ്യത്യസ്ത തലങ്ങളിലൂടെ വായിക്കുന്നതിനുള്ള കഴിവ് നേടുന്നതിന്

4. ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത സജ്ജീകരണങ്ങൾ

**മേഖല : വായന**

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലദൈർഘ്യം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | ■ Pre test<br>■ അക്ഷരം ഉറപ്പിക്കൽ<br>■ അടയാളം ഉറപ്പിക്കൽ<br>■ അക്ഷര വൃക്ഷം<br>■ വാക്കുകൾ എഴുതിയ കാർഡ്<br>■ വാക്കുകൾ നിർമ്മിക്കൽ<br>■ വാക്കുകൾ വായിക്കൽ<br>■ വാക്യങ്ങൾ നിർമ്മിക്കൽ<br>■ ചിത്രത്തിന് അടിക്കുറുപ്പ് തയ്യാറാക്കൽ<br>■ ചിത്രം നോക്കി കഥ പറയൽ (ICT)<br>■ ചിത്രം നോക്കി കഥ എഴുതൽ (ICT, CD)<br>■ കഥ പൂർത്തിയാക്കൽ<br>■ ചിത്രം നോക്കി വാക്യങ്ങൾ എഴുതൽ | 1. വർഷം | ഭാഷാധ്യാപകൻ<br>HM<br>SRG<br>PTA | |

# വിഷയം : മലയാളം U.P.

**ലക്ഷ്യങ്ങൾ :**

1. ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
2. ഭാഷയുമായി ബന്ധപ്പെട്ട
3. വ്യത്യസ്ത തലങ്ങളിലൂടെ വായിക്കാനുള്ള കഴിവ് നേടുന്നതിന്

**മേഖല : വായന**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് എല്ലു കുട്ടികളെയും പ്രാപ്തരാക്കുക | • പ്രീ ടെസ്റ്റ്<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ<br>• ചിത്രം നോക്കി കഥ പറയൽ (ICT)<br>• ചിത്രം നോക്കി കഥ എഴുതൽ (ICT)<br>• ചിത്രം നോക്കി വാക്യങ്ങൾ എഴുതൽ | ഒരു വർഷം | ഭാഷാധ്യാപകർ<br>HM<br>SRG<br>PTA | |

| | | | | |
|---|---|---|---|---|
| | • സ്കൂൾ പരിസരത്ത് പോസ്റ്റർ പതിക്കൽ ആൽബം നിർമ്മിക്കൽ (ചിത്രങ്ങൾ, ലഘു സംഭാഷണങ്ങൾ)<br>• ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>• ജീവ ചരിത്രക്കുറിപ്പ്, ഡയറി പാചകക്കുറിപ്പ്, നോട്ടീസ് കത്ത് തയ്യാറാക്കൽ<br>• പത്രവായന - അസംബ്ലിയിൽ കുട്ടികൾക്ക് വായനയിൽ അവസരം നൽകൽ)<br>• കഥാവതരണം (അഭിനയവും ഭാഷയും ഉൾപ്പെടെ)<br>• ബാലസഭയിലെ വായന<br>• ആനുകാലിക പ്രസിദ്ധീകരണങ്ങൾ- വായന<br>• ദിനാചരണക്കുറിപ്പുകൾ<br>• ലാംഗ്വേജ് ലാബ്<br>• കണ്ടകാര്യങ്ങൾ സംഭവങ്ങൾ എഴുതുക | ഒരു വർഷം | ഭാഷാധ്യാപകർ<br>HM<br>SRG<br>PTA | |

# <u>വിഷയം : L.P. മലയാളം</u>

**<u>ലക്ഷ്യങ്ങൾ</u>**

1. ഭാഷാ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

2. ക്ലാസ് ലൈബ്രറി

3. വ്യത്യസ്ത തലങ്ങളിലൂടെ വായിക്കുന്നതിനുള്ള കഴിവ് നേടുന്നതിന്

4. ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത സജ്ജീകരണങ്ങൾ

**<u>മേഖല : വായന</u>**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | ■ Pre test<br>■ അക്ഷരം ഉറപ്പിക്കൽ<br>■ അടയാളം ഉറപ്പിക്കൽ<br>■ അക്ഷര വൃക്ഷം<br>■ വാക്കുകൾ എഴുതിയ കാർഡ്<br>■ വാക്കുകൾ നിർമ്മിക്കൽ<br>■ വാക്കുകൾ വായിക്കൽ<br>■ വാക്യങ്ങൾ നിർമ്മിക്കൽ<br>■ ചിത്രത്തിന് അടിക്കുറുപ്പ് തയ്യാറാക്കൽ<br>■ ചിത്രം നോക്കി കഥ പറയൽ (ICT)<br>■ ചിത്രം നോക്കി കഥ എഴുതൽ (ICT, CD)<br>■ കഥ പൂർത്തിയാക്കൽ<br>■ ചിത്രം നോക്കി വാക്യങ്ങൾ എഴുതൽ | 1. വർഷം | ഭാഷാധ്യാപകൻ<br>HM<br>SRG<br>PTA | |

| | | | |
|---|---|---|---|
| | 7. ലൈബ്രറി പരിചയപ്പെടുത്തുന്നു. ചെറിയ കഥ, കവിത, കാർട്ടൂൺ വായിച്ച് ആശയം കണ്ടെത്തുന്നു.<br>8.കവിതകൾ കലാകാരന്മാർ, ലേഖകന്മാർ, എന്നിവരെ കുറിച്ച് പഠിക്കുന്നു<br>9. വിഭക്തി പ്രത്യയങ്ങൾ വാചകത്തിൽ പ്രായോഗിക്കാനും അതോടൊപ്പം ഭാഷാ ജ്ഞാനം വർദ്ധിപ്പിക്കാൻ പഠിപ്പിക്കുന്നു. | | |
| വ്യാകരണ ഭാഗങ്ങൾ മനസ്സിലാക്കി ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുന്നു | 10. നാമം, പ്രവർത്തി, കർത്താവ് , കർമ്മം, ക്രിയ തുടങ്ങിയ വ്യാകരണ ഭാഗങ്ങൾ പഠിപ്പിക്കുന്നു. ഉദാഹരണങ്ങൾ നൽകി പറയാനും എഴുതാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു<br>11. ഡിക്റ്റേഷൻ - പ്രവർത്തനങ്ങൾ നൽകുന്നു.<br>12. പാഠഭാഗവും ഒപ്പം പാഠഭാഗത്തിൽ ഉൾക്കൊണ്ട ശൈലി curriculum കുട്ടികളിൽ എത്തിക്കുകയും ചെയ്യാൻ വേണ്ട പ്രവർത്തനങ്ങൾ നൽകുന്നു. | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | Malayalam Teacher |

| | | | |
|---|---|---|---|
| | 13. ദിനാചരണങ്ങൾ ആഘോഷിക്കുക, പോസ്റ്റർ നിർമ്മിച്ച് സ്കൂൾ പരിസരത്തും ക്ലാസ്സുകളിലും പതിപ്പിക്കുക<br>14. പത്രവായനയും അമ്മവായനയും പ്രോത്സാഹിപ്പിക്കുക | | |
| വ്യത്യസ്ത തലങ്ങളിലൂടെ വായിക്കാനും ഭാഷാ ശേഷി വർദ്ധിപ്പിക്കാനു മുള്ള കഴിവ് നേടുന്നതിന് പദ്ധതി - ഭാഷാ ജ്ഞാനവും പൊതു വിജ്ഞാനവും കുട്ടികളിൽ വർദ്ധിപ്പിക്കുക | 15. വായനാ മത്സരം സംഘടിപ്പിക്കൽ<br>16. ആനുകാലിക പ്രസിദ്ധീകരണം വായിക്കുക<br>17. കത്ത് എഴുത്ത്<br>18. മാസത്തിൽ ഒരിക്കൽ ക്വിസ് മത്സരം നടത്തണം<br>19. ആഴ്ചതോറും (വെള്ളിയാഴ്ച) നടത്തുന്ന സർഗ്ഗവേളയിൽ മാതൃഭാഷാ വികസന പരിപാടികൾ സംഘടിപ്പിക്കുക. | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | Malayalam Teacher & SRG |

# ENGLISH L.P - U.P

## Introduction

Hearing impaired children are very backward generally in language, especially in English. To aviod reading and writing ability is the major task before us . To overcome the backwardness in English we have planned some activities .

## Objectives

1. To avoid children fear towardes english language
2. To develop finger spelling ability, reading and writing abilities in English.
3. Preparation for Alphabetic Albums, Dictionary etc.
4. To prepare class library making reading cards ( words & sentences )
5. To develop create writing skill

## മേഖല : അക്കാദമികം ഉപമേഖല English

| | Aims | Activities | Duration | Responsilities | Estimate & Expenses |
|---|---|---|---|---|---|
| 1.<br>2. | To speak read and write english without any mistakes<br>All children have to acwquire finger spelling reading and writing ability | Listerning skills and develop reading skills first<br>1. Simple activities for learning finger spelling and word level and their pronounciations | 1 year | H.M.<br>SRG<br>E Teacher | 1500.00 |
| | | 2. Intractions of commonly used objects like vegetables, fruits vehicles, house hold meterials classroom materials parts of body family memebers ets. | 1 year | E. Teacher | |
| | | 3. Familiarization of making sentences patterns using works | 1 year | E. Teacher | 2500.00 |
| | | 4. Activities for regarding and writing in english<br>Reading cards (words, sentence level) regading | 1 year | E. Teacher | |
| | Listening Skills | **Games**<br>- Action Songs<br>- Hello English activities<br>- Conversation<br>- Skit<br>- Sytories<br>- Use IC | 1 year | HM<br>Eng . Teacher | |

| | | | | | |
|---|---|---|---|---|---|
| | Speaking Skills | ✚ Description<br>✚ Growing sentences<br>✚ Picture reading<br>✚ Picture description<br>✚ Self Introduction<br>✚ Name of Common things<br>✚ (Birds, animals etc. school and home address . . . . )<br>✚ Graine , spices Birds, animals flowers etc. | 1 yrs | HM<br>Eng. Teacher | |
| | Reading skills | ✚ News paper reading<br>✚ Library book reading<br>✚ Find words<br>✚ Rhyming words<br>✚ Describing words etc<br>✚ Text book activities<br>✚ To develop finger spelling ability<br>✚ to make word web<br>✚ picture reading (grains spices etc)<br>✚ Birds, animals , Flower . . . .)<br>✚ Word chain<br>✚ sentence chain<br>✚ Make word and sentence<br>✚ Conversations and add more lines<br>✚ Develop story description Notice , diary, letter etc.<br>✚ School address, Home address , self introduction ( my self)<br>✚ Dictionary (eg) Ant, boy | E- Teacher | | |

# ഹൈസ്കൂൾ (8 മുതൽ 10 വരെ)

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് ഫലപ്രദമായി ഇംഗ്ലീഷ് ആശയ വിനിമയത്തിന് ഉപയോഗിക്കുവാനുള്ള ശേഷി വികസനം | Story Time | • ജൂൺ, ജൂലൈ മാസം (ഒരു മാസത്തിലെ 2,4 വെള്ളിയാഴ്ചകൾ ഇംഗ്ലീഷ് ഡേ ആയി മാറ്റുന്നു. സൗകര്യപ്രദമായി ഉച്ചവരെ / മുഴുവൻ സമയവും ഇംഗ്ലീഷ് ഡേ ആയി ഉപയോഗിക്കാം . ഇങ്ങനെ മാറ്റുമ്പോൾ ഓരോ വിഷയത്തിനും കിട്ടേണ്ട പിരീഡുകൾ നഷ്ടപ്പെടാതെ ക്രമീകരിക്കണം.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട് കഥാ ഭാഗങ്ങൾ കണ്ടെത്തൽ<br>• അവതരത്തിന് വ്യത്യസ്ത തന്ത്രങ്ങൾ (നാടകീകരണം, പാവകളി, ആംഗ്യരൂപം മുതലായവ) കണ്ടെത്തൽ<br>• അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ - പാവകളി, mime രൂപം മുതലായവ കണ്ടെത്തൽ<br>• അവതരണം | ഇംഗ്ലീഷ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | |
| | Public Speaking | ആഗസ്റ്റ് സെപ്തംബർ<br>• ആഡിയോ, വീഡിയോ സംവിധാനങ്ങൾ | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | | ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ് അനുഭവങ്ങൾ നൽകുക (ഇവ ആംഗ്യഭാഷയിൽ വിവർത്തനം ചെയ്യുന്നു )<br>• അവതരണം | ക്ലാസ് ടീച്ചർ | |
| | Drama & Theatre<br>പാഠഭാഗത്തെ നാടകീകരണ സന്ദർഭങ്ങൾ കണ്ടെത്തുക<br>Script writing<br>അവതരണം | സെപ്തംബർ - ഒക്ടോബർ | ഇംഗ്ലീഷ് ടീച്ചർ<br>ക്ലാസ് | |
| | Cinema & Documentary | നവംബർ - ഡിസംബർ | ഇംഗ്ലീഷ് ടീച്ചർ ക്ലാസ് | |
| | Choregraphy | ജനുവരി - ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ ക്ലാസ് | |
| | Young talents<br>Frama camp<br>New reading<br>recitation Speech | 1. വർഷം അവധി ദിനങ്ങൾ | ഇംഗ്ലീഷ് ടീച്ചർ<br>ക്ലാസ് | 2000/-<br>PTA |

പ്രവർത്തനം : 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായി ക്കാനും എഴുതാനം ആശയവിനിമയത്തിന് ഉപയോഗിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | --- |

പ്രവർത്തനം : 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | -- |

പ്രവർത്തനം : 3

പേര് : ഇംഗ്ലീഷ് തീയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠ ഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദി ച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ ഉദ: skit, conversation, mime drama etc. | പ്രതിമാസ പരിപാടി | എച്ച്.എം./ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/ പി.ടി.എ. |

പ്രവർത്തനം : 4

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് സർഗ്ഗാത്മക രചന നടത്തുന്നതി നുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept : Onam etc. | പ്രതിമാസ പരിപാടി | എച്ച്.എം./ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/ (പരസ്യത്തിലൂടെ കണ്ടെത്താം) |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിട പാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 1000/ (പി.ടി.എ.ഫണ്ട്) |

പ്രവർത്തനം : 6

പേര് : ഇംഗ്ലീഷിൽ ചാറ്റിംഗ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയ വിനിമയം | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | --- |

പ്രവർത്തനം : 7

പേര് : **Transalation of Malayalam childrens books to English**
മലയാള കൃതികൾ ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്യൽ )

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണ്യം നേടൽ | ലളിതമായ മലയാള കൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20,000/ (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം : 8

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ് | ക്ലാസ്സ് ടീച്ചർ | സി.എസ്.ആർ.ഫണ്ട് |

പ്രവർത്തനം : 9
പേര് : തർജ്ജമ
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | ആംഗ്യഭാഷയിൽ തയ്യാറാക്കിയ സംഭാഷണം തൽസമയം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | --- |

പ്രവർത്തനം : 10
പേര് : പദപ്രശ്ന നിർമ്മാണം
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | --- |

പ്രവർത്തനം : 11
പേര് : ഇംഗ്ലീഷ് കോർണർ
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | --- |

# ഗണിതം ലളിതം സുന്ദരം

## L.P. വിഭാഗം

**ആമുഖം**

ഭൂമിയുടെ സ്പന്ദനം തന്നെ ഗണിതശാസ്ത്രത്തിൽ എന്ന് പറയുന്നതും മനസ്സിലാക്കുന്നതുമായ ഒരു ലോകത്തിൽ ജീവിക്കുന്ന നമ്മൾ ഗണിതം രസകരമാക്കി കുട്ടികളിൽ എത്തിച്ച് അവ മധുരത്തോടെ നുണച്ചിറക്കാൻ അവരെ പ്രാപ്തരാക്കേണ്ടതാണ്. ഗണിതശേഷി വളർത്തുന്നതോടൊപ്പം ഗണിത പഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ അധ്യാപകരായ നമുക്ക് സാധിക്കേണ്ടതാണ്.

കുട്ടികൾ എല്ലാവരും ബധിരരായതിനാൽ കേൾവിക്കുറവ് ഭാഷയേയും ഗണിതപഠനത്തേയും സാരമായി ബാധിക്കുന്നു. അടിസ്ഥാന ആശയങ്ങൾ പ്രയോഗിക്കാൻ സാധിക്കുന്നില്ല. മറ്റുള്ളവർക്ക് (രക്ഷിതാക്കൾക്ക്, Peer group ന് സമൂഹത്തിന്) ഇവരോട് വേണ്ട രീതിയിൽ ആശയം കൈമാറാനും സാധിക്കാതെ വരുന്നു.

**ലക്ഷ്യങ്ങൾ**

- ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക
- ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ
- ഗണിതാസ്വാദനം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഗണിതത്തിന്റെ ആവശ്യകത, ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | o സംഖ്യബോധം നേടുന്നതിനായി വിവിധ ശേഖരണം<br>o പത്തിന്റെ കൂട്ടങ്ങൾ | 1. വർഷം | കൺവീനർ<br>HM<br>SRG | |
| 2. | ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | o അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു.<br>o ചോദ്യാവലി ഉണ്ടാക്കുന്നു<br>o പ്രീടെസ്റ്റ്<br>o മൂല്യ നിർണ്ണയം<br>o റിസൽട്ട് രേഖപ്പെടുത്തുന്നു<br>o റിപ്പോർട്ട് തയ്യാറാക്കുന്നു<br>o സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ (നേടേണ്ട ശേഷികൾ കണത്തിലെടുത്ത്)<br>o വർക്ക് ഷീറ്റ് നൽകുന്നു | | HM<br>SRG<br>കൺവീനർ<br>ഗണിതാധ്യാപകർ | വർക്ക് ഷീറ്റ്<br>ICT Class Room |
| 3. | ഗണിതാസ്വാദനം | o ഗണിതം പരീക്ഷണ വസ്തു ആക്കാതെ സാമൂഹികവും | | HM<br>SRG | ബുള്ളറ്റിന് |

| | | | | | |
|---|---|---|---|---|---|
| | | ബുദ്ധിപരവുമായ മാനങ്ങൾ വിശദീകരിക്കുന്ന തരത്തി ലുള്ള അതാതു ക്ലാസ്സിലെ പഠനനേട്ടങ്ങളുമായി പ്രവർത്തനങ്ങൾ തട്ടിച്ചു കൊണ്ടും തുടർ പ്രവർത്തനത്തിന് സാധ്യതയുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.<br>○ പാഠാസൂത്രണം<br>○ പസ്സിൽസ് കുസൃതിക്കണക്കുകൾ, സുഡോക്കു എന്നിവ ആസൂത്രണം ചെയ്യുന്നു<br>- ICT സാധ്യത | ഒരു വർഷം | കൺവീനർ | ബോർഡ് ബുക്ക്സ്, ചുവർ പത്രിക പഠനോപകരണങ്ങൾ |
| 4. | ഗണിത മാഗസിൻ | ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ , ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മാഗസീൻ തയ്യാറാക്കുന്നു. | ജൂൺ ഒക്ടോബർ | വിദ്യാർത്ഥികൾ | A4 Sheet books |

| | | | | | |
|---|---|---|---|---|---|
| 5. | ഗണിത ലാബ് | ഗണിതവുമായി ബന്ധപ്പെട്ട് രസകരവും ലളിതവുമായ പ്രോജക്റ്റുകൾ സ്വയം ചെയ്യാനുള്ള അവസരം നൽകുന്നു.ഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ അബാക്കസ് ജ്യാമിതീയ രൂപങ്ങൾ എന്നിവ അതാതു ക്ലാസ്സുകൾക്ക് അനുയോജ്യമായി തിട്ടപ്പെടുത്തുക ടാൻഗ്രാം നിർമ്മിക്കുക. | | | |
| | മാത്സ് ബ്ലോഗ് | കുട്ടികളുടെ സൃഷ്ടികൾ മാത്സ ബ്ലോഗിൽ കയറുന്നു. | Sept | HM, Staff secretary | സമ്മാനങ്ങൾ |
| | ലിറ്റിൽ മാസ്റ്റർ | ഗണിത ശാസ്ത്രത്തിൽ മികച്ച കുട്ടികളെ കണ്ടെത്തി വർഷാവസാനം Little Master of Maths ആയി തെരഞ്ഞെടുക്കുന്നു. | മാർച്ച് | SRG കൺവീനർ | |

# ഗണിതം U.P

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഗണിതപഠനത്തിൽ ചരിത്രപരമായ മാർഗ്ഗ ദർശികളെ കണ്ടെത്തുകയും പിൻതുടരാനുള്ള മോഹം വളർത്തുകയും ചെയ്യുക | ○ ഗണിതശാസ്ത്രജ്ഞമാരായ Pythagoras, Euclid, Archimidas, Ptolemy, Aryabhata, Srinivasa Ramanujan എന്നിവരുടെ ഡിജിറ്റൽ ചിത്രങ്ങൾ നിരീക്ഷീക്കുന്നു വീഡിയോ പ്രദർശനം | ജനുവരി മാർച്ച് | ഹെഡ്മാസ്റ്റർ, വിഷയാധ്യാപകർ | |
| 2. | ഗണിതപഠനത്തിൽ അഭിരുചി വളർത്തുക | ○ പരിചയപ്പെട്ട ഗണിത ശാസ്ത്രഞ്ജരുടെ കണ്ടുപിടിത്തങ്ങൾ എഴുതി തയ്യാറാക്കുന്നു.<br>○ ഫോർട്ട് ഫോളിയോ - പട്ടിക രൂപത്തിൽ<br>○ കൂടുതൽ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ശേഖരിക്കുന്നു.<br>○ ആർബം നിർമ്മിക്കുന്നു. | ജൂൺ ജൂലൈ<br>PTA<br>MPTS | ഹെസ്മാസ്റ്റർ , വിഷയാധ്യാപകർ | PTA Fund |

| | | | | | |
|---|---|---|---|---|---|
| 3. | ജ്യാമിതിയിൽ താല്പര്യം ജനിപ്പിക്കൽ | Geogebra ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ, പാറ്റേൺ, വൃത്തം, ചതുരം | ആഗസ്റ്റ് സെപ്റ്റംബർ | ഹെഡ്മാസ്റ്റർ , വിഷയാധ്യാപകർ ICT | PTA |
| 4. | ഗണിതത്തിൽ സൂക്ഷ്മത, കൃത്യത എന്നിവ പരിശീലിപ്പിക്കൽ | വർക്ക് ഷീറ്റുകൾ നിശ്ചിത അളവിലും വലിപ്പത്തിലും ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു. | ഒക്ടോബർ | ഹെഡ്മാസ്റ്റർ , വിഷയാധ്യാപകർ SRG | PTA |
| 5. | ഉപകരനങ്ങൾ സൂക്ഷ്മതയോടെ ഉപയോഗിക്കാനുള്ള കഴിവ് | വിവിധ ഉപകരണങ്ങളും സജ്ജീകരണങ്ങളുമായി ആസൂത്രണം ചെയ്യുന്നു- ICT സാധ്യത വ്യത്യസ്ത ജ്യാമിതീയ രൂപങ്ങൾ തയ്യാറാക്കുന്നു. ഓരോ രൂപത്തിന്റെയും സവിശേ ഷതകൾ രേഖപ്പെടുത്തുന്നു. | നവംബർ | ഹെഡ്മാസ്റ്റർ , വിഷയാധ്യാപകർ MPTA, Spl. Teacher | PTA |
| 6. | ഗണിതാസ്വാദനം പരിപോഷിപ്പിക്കുക | പാറ്റേണുകൾ പൂർത്തി യാക്കുന്നു പസിൽസ് കുസൃതി കണക്കുകൾ സ്വന്തമായി കണ്ടെത്തു കയും ക്ലാസ് തലത്തിൽ ആസൂത്രണം ചെയ്ത് അവതതരിപ്പിക്കുന്നു. | ഡിസംബർ, ജനുവരി | ഹെഡ്മാസ്റ്റർ , വിഷയാധ്യാപകർ MPTA SRG | PTA |

| | | | | | |
|---|---|---|---|---|---|
| 7. | ഗണിതപഠനത്തെ സാമൂഹിക വളർച്ചക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക | ഗണിത ഉപകരണങ്ങൾ ജ്യാമിതീയ ചിത്രങ്ങൾ മുത ലായവ അതാത് പാഠ ഭാഗ വുമായി ബന്ധപ്പെടുത്തി തയ്യാറാക്കുന്നു. | ഫെബ്രുവരി | ഹെഡ്മാസ്റ്റർ , വിഷയാധ്യാപകർ SRG | PTA |
| 8. | ലിറ്റിൽ മാസ്റ്റർ | ഗണിതശാസ്ത്രത്തിൽ മികച്ച V,VI,VII ക്ലാസ്സുകളിലെ ഓരോ വിദ്യാർത്ഥികളെ കണ്ടെത്തി” ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ്" പട്ടം നൽകി ആദരിക്കുന്നു. | മാർച്ച് | ഹെഡ്മാസ്റ്റർ , വിഷയാധ്യാപകർ DRG, PT, MPTA | PTA |
| 9. | അവലോകന യോഗം | ഗണിതശാസ്ത്രവുമായി നടത്തിയ ചർച്ചകൾ അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ അംഗീകരിക്കുന്നു. | മാർച്ച് | ഹെഡ്മാസ്റ്റർ , വിഷയാധ്യാപകർ PTA | PTA |

## വിഷയം : ഗണിതം

## വിഭാഗം : ഹൈസ്കൂൾ

| Sl. No | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | ഗണിതം ഒരു കൈതാങ്ങ് | ഗണിതത്തിന്റെ ആവശ്യകത മനസ്സിലാക്കി കുട്ടികളുടെ പഠന നിലവാരം ഉയർത്താനും സൗന്ദര്യാത്മ കതലത്തിൽ ആസ്വാദനം കുട്ടികളിൽ വളർത്താനും അവരെ പ്രാപ്തരാക്കുക | ■ ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേക്കു കുട്ടിയെ വളർ ത്തുന്നതിനുള്ള പ്രവർ ത്തനങ്ങൾ<br>■ ഗണിത ക്ലബ്ബ് പ്രവർ ത്തനത്തിന്റെ ഭാഗമായി ജ്യാമിതീയ രൂപം നിർ മ്മിക്കുന്നു<br>■ സംഖ്യ പാറ്റേണുകൾ,. പസ്സിൽ, പഠനോപകരണങ്ങൾ, ബഹുഭുജം ഉപയോഗിച്ചുള്ള ചിത്രങ്ങൾ, രൂപങ്ങൾ തയ്യാറാക്കുന്നു.<br>■ ഗണിതപ്രദർശനം<br>■ സ്കുൾ തലത്തിൽ | 1yrs<br>January<br>Monthly | Tr (Maths)<br>Students Maths, Trs,<br>Class leader<br>HM | Prize<br>Teachers Grant<br>ഗണിതാദ്ധ്യാപ കർ, വിദഗ്ധരുടെ സേവനം |

| | | | | | | |
|---|---|---|---|---|---|---|
| | | | അസംബ്ലിയിൽ പ്രമുഖ ഗണിത ശാസ്ത്രജ്ഞരെക്കുറിച്ചുള്ള അവതരണം/പാറ്റേണുകൾ, ചാർട്ടുകൾ അവതരിപ്പിക്കൽ<br>■ ഗണിതാഭിരുചി വളർത്താനുതകുന്ന ക്ലാസ്സ് | | | |
| 2. | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഗണിത ക്ലാസ്സുകളിൽ ആത്മവിശ്വാസത്തോടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാഖ്യാബോധം ഉറപ്പിച്ച് പിന്നോക്കാവസ്ഥ പരിഹരിച്ച് ഗണിത പഠനത്തിൽ മുന്നോട്ട് പോകാൻ | ■ ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br>■ പ്രീ ടെടെസ്റ്റ് നൽകി ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>■ വർക്ക് ഷീറ്റ്സ്<br>■ മൂല്യ നിർണ്ണയം | Jun-Dec | Maths IT | Books, Paper PTA ഫണ്ട് |

| Sl. No | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ | സാമ്പത്തിക പിന്തുണ |
|---|---|---|---|---|---|---|---|
| 3. | കളിയരങ്ങ് | കളിയിലൂടെ ഗണിത ക്രിയകൾ ഉറപ്പിക്കൽ | ■ ന്യൂന സംഖ്യകശ, പൂജ്യം അധി സംഖ്യകൾ, എന്നിവയടങ്ങുന്ന ഒരു സംഖ്യാപാഡ് തയ്യാറാക്കുന്നു.<br>■ അതിൽ പകിടി ഉരുട്ടി എത്തുന്ന സംഖ്യയെ ആദ്യം നേടിയ സംഖ്യയുമായി ആവശ്യാ നുസരണമുള്ള ക്രിയകൾ നടത്തികൊണ്ട് ന്യൂന സംഖ്യകളുടെ തുക, വ്യത്യാസം ഗുണനഫലം, ഹരണ ഫലം എന്നിങ്ങനെ വ്യത്യസ്ത ക്രിയകൾ ചെയ്തെടുക്കുന്നു. | Jun-Mar | Maths Teacher | രക്ഷകർത്താവ് | SSK or PTA |

# പരിസര പഠനം (1 മുതൽ 4 വരെ ക്ലാസ്)

## ആമുഖം

ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സിലെ ശാസ്ത്ര പഠന സംബന്ധിയായ വിഷയങ്ങൾ പൊതുവേ പരിസരപഠനം എന്ന നിലയിലാണ് കൈകാര്യം ചെയ്യുന്നത്. കേൾവി പരമായ വെല്ലുവിളി നേരിടുന്നു കുട്ടികളിൽ ശാസ്ത്രാവബോധം ഉണ്ടാകുന്നതിനും, ശാസ്ത്രീയമായ പരീക്ഷണ നിരീക്ഷണ തൽപ്പരതയും രീതികളും വളർത്തുന്നതിന് പര്യാപ്തമായിരിക്കണം പഠന, പഠനാനുബന്ധ പ്രവർത്തനങ്ങൾ, ശാസ്ത്ര പഠനം രസകരമാക്കുന്നതിലൂടെ ജീവിത ബന്ധിയാക്കുന്നതിലൂടെയും ഈ ലക്ഷ്യങ്ങൾ ഈ ലക്ഷ്യങ്ങൾ കൈവരി ക്കവാൻ കഴിയും, പാഠപുസ്തകത്തിലെ പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എല്ലാം തന്നെ ഇതനുസരിച്ച് ആസൂത്രണം ചെയ്യപ്പെട്ടവയാണ്. വിദ്യാലയത്തിന്റെയും കുട്ടികളുടെയും പ്രത്യേക സവിശേഷതകൾ പരിഗണിച്ച് പ്രശ്നങ്ങളെ വിലയിരുത്തുവാനും അതിനനുസരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും ആണ് ശ്രമിച്ചിരിക്കുന്നത്.

# പരിസര പഠനം പ്രശ്നങ്ങൾ

## അക്കാദമികം

1. ഒന്നു മുതൽ നാലു വരെയുള്ള എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി ലക്ഷ്യം വയ്ക്കുന്ന ശേഷികളും ആശയങ്ങളും സ്വായത്തമാക്കുവാൻ കഴിയുന്നില്ല,
2. മാതാപിതാക്കളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ വേണ്ടത്ര പിന്തുണ നൽകുന്നതിന് തടസ്സമാകുന്നു.

3. ശ്രവണ വെല്ലുവിളി മൂലം ഉളവാകുന്ന ഭാഷാപരമായ കുറവ്, രേഖപ്പെടുത്തൽ, നിഗമനത്തിൽ എത്തുന്നവ പ്രകടിപ്പിക്കൽ എന്നിങ്ങനെയുള്ള ഘട്ടങ്ങളെ ദോഷമായി ബാധിക്കുന്നു.

4. പ്രക്രീയാബന്ധിതമായ കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ പാഠ്യപദ്ധതി നിർവ്വഹണത്തിന്റെ സമയ പരിമിതി തടസ്സമാകുന്നു.

5. പരിസര പഠനത്തിലെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ പ്രകൃതി ഒരു പാഠപുസ്തകം എന്നത് അനുഭവമാക്കുവാൻ തക്ക ഫീൽഡ് ട്രിപ്പുകളും മറ്റും ആസൂത്രണം ചെയ്യുന്നതിൻ പരിമിതി ഉണ്ട്.

**<u>സാമൂഹികം</u>**

1. പരിസര പഠനത്തന്റെ സാമൂഹ്യ സാധ്യതകളിൽ പ്രധാനം രക്ഷിതാക്കളുടെ പങ്കാളിത്തം ആണ്. അവരുടെ സാമ്പത്തിക വിദ്യാഭ്യാസ പരിമിതികൾ ആവശ്യമായ പിന്തുണ ലഭിക്കുന്നതിന് തടസ്സം ആകുന്നു.
2. പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളോ, ഹോസ്റ്റൽ സൗകര്യത്തിൽ വാർഡനോ ഫലപ്രദമയാ ഇടപെടുവാൻ കഴിയുന്നില്ല.

# പ്രശ്ന വിശകലനം

## അക്കാദമികം

1. ഒന്നു മുതൽ നാലു വരെയുള്ള എല്ലാകുട്ടികൾക്കും പാഠ്യ പദ്ധതി ലക്ഷ്യം വയ്ക്കുന്ന ശേഷികളും ആശയങ്ങളും സ്വായത്തമാക്കുവാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര പ്രവർത്തനം | പദ്ധതി |
|---|---|---|
| കുട്ടികൾ<br>○ ഭാഷാപരമായ പിന്നോക്കാവസ്ഥ<br>○ അടിസ്ഥാന ആശയങ്ങളിലെ ധാരാണക്കുറവ്<br>○ പഠനാനുഭവങ്ങളും ജീവിതാനുഭവങ്ങളുമായി ബന്ധമില്ലാത്തത്<br>○ പ്രായോഗിക പ്രയോഗത്തിന് അവസരക്കുറവ് | പ്രീ ടെസ്റ്റ് | • എന്റെ ചുറ്റുപാട് - വിലയിരുത്തൽ രേഖ പ്രീ ടെസ്റ്റ് ടൂൾ ഉപയോഗിച്ച് കുട്ടിയുടെ ശാസ്ത്രാഭിരുചി മനസ്സിലാക്കുക പരിഹാരം ബോധനം<br>• ലളിതം - ശാസ്ത്രം പഠനാനുഭവങ്ങളും ജീവിതവുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഉദാ. വ്യക്തിശുചിത്വം, പരിസര ശുചിത്വം, പച്ചക്കറി , ഔഷധ സസ്യപരിചയപ്പെടൽ, നടൽ, പരിപാലനം |

| | | |
|---|---|---|
| **<u>അധ്യാപകർ</u>**<br><br>● കുട്ടികളിലെ ഭാഷാപരിമിതി മൂലം പാഠ്യപദ്ധതി നിർ വ്വഹണത്തിരക്കിനിടയിൽ ആശയങ്ങൾ ഉറപ്പിക്കുന്നതിനാവശ്യമായ പ്രവർ ത്തനങ്ങൾക്ക് സമയക്കുറവ്<br>● അറിവിന്റെ നിർമ്മാണം എന്ന തത്വത്തിൽ ഊന്നി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലെ പരിമിതി.<br>● ആധുനിക നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ പ്രായോഗികമാക്കുന്നതിലെ പ്രായോഗിക പ്രശ്നങ്ങൾ | കുട്ടികളുടെ ഭാഷാപരമായതും സാമൂഹികവുമായ അവസ്ഥയ്ക്ക് അനുസരിച്ച് പാഠഭാഗങ്ങളെ ലഘൂകരിച്ച് അവതരിപ്പിക്കുക. വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുക<br>അധ്യാപകരുടെ മറ്റു പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക.<br>ജ്ഞാന നിർമ്മിതി പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കും വിധം പ്രവർത്തനങ്ങളെ പുനഃക്രമീകരിക്കുക. | പരിസരപഠന ടെക്സ്റ്റ് ബുക്ക് ലഘൂകരിച്ച വർക്ക് ഷീറ്റുകൾ പതിപ്പുകൾ സന്ദർശന പരിപാടികൾ എന്നിവ തയ്യാറാക്കി പ്രശ്ന പരിഹാരം കാണുന്നു. (വിശദമായ പ്രതിമാസ പദ്ധതി ചേർത്തിരിക്കുന്നു) |
| **<u>രക്ഷിതാക്കൾ</u>**<br><br>● കുട്ടികളുടെ പഠന നിലവാരം വിലയിരുത്താനോ മാർഗ്ഗ നിർദ്ദേശം നൽകാനോ കഴിവില്ലാതിരിക്കുന്നു. | ക്ലാസ്സു പി.ടി.എ. ശക്തിപ്പെടുത്തുക<br>രക്ഷിതാക്കളെ പഠന പ്രവർത്ത | ക്ലാസ് പി.ടി.എ. ശാക്തീകരണം<br>രക്ഷിതാക്കളുടെ വിക്തിഗത കൗൺസിലിംഗ ചർച്ച<br><br>ക്ലാസ് പി.ടി.എ . |

| | | |
|---|---|---|
| • ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് വേണ്ട പിന്തുണ നൽകാൻ വാർഡൻമാർക്ക് കഴിയാത്തത്<br><br>• വിദ്യാലയവുമായും മറ്റ് റിസ്സോഴ്സുകളുമായും ബന്ധപ്പെടാൻ കഴിയുന്നില്ല. | നങ്ങളുടെപിന്തുണക്കാരായി മാറ്റുക<br>• ക്ലാസ് പി.ടി.എ. കളിൽ ഹോസ്റ്റൽ ജീവനക്കാരുട പങ്കാളിത്തം ഉറപ്പ് വരുത്തുക<br>• കുട്ടികളുടെ ഉല്പന്നങ്ങളുടെ പ്രദർശനം സംഘടിപ്പിച്ച് രക്ഷിതാക്കളെ വിദ്യാലയത്തിലേയ്ക്ക് ആകർഷിക്കുക | മികവ് പ്രദർശനം |

# പ്രതിമാസ പ്രവർത്തന പദ്ധതി

## നേടേണ്ട ശേഷികൾ

- വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക
- വീട്, വിദ്യാലയം എന്നിവ വൃത്തിയായി സൂക്ഷിക്കുന്ന മനോഭാവം വളർത്തുക
- ജല സ്രോതസ്സുകളെ അറിയുക, ജലത്തിന്റെ ഉപയോഗം, സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെ
- പറ്റി ധാരണ ഉണ്ടാക്കുക.
- ജലം പാഴാകാതെ സൂക്ഷിക്കുന്നതിനുള്ള ധാരണ നേടുക
- പ്രകൃതി നിരീക്ഷിക്കുക, വിവിധ സസ്യ സമ്പത്തിനെവപ്പറ്റി അറിയുക

## പഠന പ്രവർത്തനങ്ങൾ

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ 2025 | പ്രീ -ടെസ്റ്റ് - കുട്ടിയുടെ ശാസ്ത്രാവബോധത്തെപ്പറ്റിയും പ്രകൃതി, ശുചിത്വം എന്നിവയെപ്പറ്റിയും ഉള്ള മുന്നറിവ് പരിശോധിക്കൽ<br>വ്യക്തി ശുചിത്വ ചാർട്ട് ബോധവത്ക്കരണം - രക്ഷിതാക്കൾക്ക് |
| ജൂലൈ | ICT സാധ്യത ഉപയോഗിച്ച് ശുചിത്വം ഇല്ലാത്തതു മൂലം ഉണ്ടാകുന്ന ദോഷങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നു. മഴപ്പതിപ്പ് നിർമ്മാണം |
| ആഗസ്റ്റ് | വ്യക്തി ശുചിത്വ ഉപകരണങ്ങൾ, വസ്തുക്കൾ എന്നിവ പരിചയപ്പെടുത്തൽ<br>വ്യക്തി ആരോഗ്യത്തിന് വ്യായാമം- ദിവസവും ചെയ്യേണ്ട വ്യായാമങ്ങളുടെ പരിശീലനം (കായിക അധ്യാപികയുടെ സഹായത്തോടുകൂടി)<br>പതിപ്പ് - നാം കഴിക്കേണ്ട ആഹാരം |

# അടിസ്ഥാന ശാസ്ത്രം

## (പ്രൈമറി വിഭാഗം)

## ആമുഖം

ശ്രവണപരമായ വെല്ലുവിളിയുള്ള കുട്ടികളിൽ ശാസ്ത്ര അവബോധം ഉണ്ടാവുകയും ശാസ്ത്രീയ ചിന്ത വളർത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഭാഷാപരമായ പിന്നോക്കാവാസ്ഥയെ പരിഗണിച്ചുകൊണ്ട് വിവിധ പ്രവർത്തനാധിഷ്ഠിത പരിപാടികളിലൂടെ ശാസ്ത്ര പഠനം രസകരവും താൽപര്യം ജനകവും ആക്കേണ്ടതായുണ്ട്. കുട്ടിയുടെ കഴിവുകളെ പരിപോഷിപ്പിക്കുന്ന രീതി അവലംബിക്കണം. ആകാംഷയും സർഗ്ഗാത്മകതയും പരിപോഷിപ്പിക്കപ്പെടണം. പ്രക്രിയാധിഷ്ഠിത പഠനം കുട്ടിയെ ശാസ്ത്രം പഠിക്കാനും പ്രായോഗിക ജീവിതത്തൽ പ്രയോഗിക്കുവാനും പ്രാപ്തനാക്കുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി ശാസ്ത്ര പഠനത്തിൽ കൂട്ടി നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയാണ് ചെയ്യുന്നത്.

## ശാസ്ത്രപഠനം പ്രശ്നങ്ങൾ

### അക്കാദമികം

1. ഒന്നുമുതൽ ഏഴുവരെയുള്ള കുട്ടികൾക്ക് പാഠ്യപദ്ധതി ലക്ഷ്യം വയ്ക്കുന്ന ശേഷികളും ആശയങ്ങളും നേടാൻ കഴിയുന്നില്ല.
2. ഭാഷാപരമായ പരിമിതി ഉള്ളതിനാൽ രേഖപ്പെടുത്തൽ പൂർണ്ണമാക്കുവാനും അതുവഴി ആശയങ്ങൾ പ്രകടിപ്പിക്കുന്നതിലും പ്രശ്നങ്ങൾ നേരിടുന്നു.

3. ശാസ്ത്രീയമായ മനോഭാവം വളരുന്നതിൽ പരിമിതി അനുഭവപ്പെടുന്നു
4. ഐ.സി.ടി അധിഷ്ഠിതവും പ്രക്രീയാബന്ധിതവുമായ ശാസ്ത്രപഠന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് പലപ്പോഴും പാഠ്യപദ്ധതിയുടെ ബാഹുല്യം തടസ്സമാകുന്നു.
5. സ്വാനുഭവങ്ങളിലും ജീവിതത്തിലും പഠന നേട്ടങ്ങൾ ഫലപ്രദമായി പ്രയോഗിക്കുന്നതിൽ മിക്കപ്പോഴും ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. സമയദൗർലഭ്യം മൂലം പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം പ്രായോഗികമാക്കുവാൻ കഴിയുന്നില്ല.

**ഭൗതികം .**

1. ശാസ്ത്ര പഠനത്തിന് സഹായകരമായ രീതിയിൽ ലാബ് ക്രമീകരിക്കാത്തത്
2. മികച്ച ലാബ് സൗകര്യം ഉള്ളപ്പോൾ തന്നെ പ്രൈമറി ക്ലാസ്സുകളിലെ പാഠ്യപദ്ധതിക്കനുസരിച്ചുള്ള വസ്തുക്കൾ പൂർണ്ണമായും ലഭ്യമല്ലാത്തത്
3. പ്രത്യേക ലാബ് സൗകര്യം പ്രൈമറി ക്ലാസ്സുകൾക്കായി ഇല്ലാത്തത്
4. ICT സൗകര്യം എല്ലാ ക്ലാസ്സുകളിലും ലഭ്യമല്ലാത്തത്

**സാമൂഹികം**

1. ശാസ്ത്ര പഠനത്തിന് ധാരാളം സാമൂഹിക സാധ്യതകൾ ഉണ്ടെങ്കിലും പ്രയോജനപ്പെടുത്തുന്നതിൽ പുറകിലാണ്
2. രക്ഷിതാക്കളെ പാഠ്യപദ്ധതി പ്രവർത്തനങ്ങളിൽ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല.

# <u>പ്രശ്നവിശകലനം</u>

## <u>മേഖല - അക്കാദമികം</u>

ഒന്നുമുതൽ ഏഴു വരെയുള്ള കുട്ടികൾക്ക് എല്ലാവർക്കും പാഠ്യപദ്ധതി ഉദ്ദേശ്യം വയ്ക്കുന്ന ശേഷികളും ആശയങ്ങളും നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര പ്രവർത്തനം | പദ്ധതി |
|---|---|---|
| **<u>കുട്ടികൾ</u>**<br>• അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവ്.<br>• ഭാഷാപരമായ പിന്നോക്കാവസ്ഥ<br>• പഠനാനുഭവങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുവാൻ കഴിയുന്നില്ല<br>• പ്രായോഗികമായി പ്രയോഗിക്കുവാനുള്ള അവസരക്കുറവ് | പ്രീ ടെസ്റ്റ് | പ്രീ ടെസ്റ്റ്<br>പരിഹാരബോധനം |
| **<u>അധ്യാപകർ</u>**<br>• പാഠ്യപദ്ധതി ബാഹുല്യം കുട്ടികളുടെ ഭാഷാപരമായ പരിമിതിമൂലം | ഓരോ യൂണിറ്റിലെയും അടിസ്ഥാന ആശയങ്ങൾ | നമ്മുടെ ശാസ്ത്ര പുസ്തകം ലോക്കൽ ടെക്സ്റ്റ് നിർമ്മാണം, |

| | | |
|---|---|---|
| ആശയങ്ങൾ വിശദീകരിക്കുന്നതിലെ പ്രശ്നം<br>• ആധുനികമായ നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കരസ്ഥമാക്കുന്നതിലും പ്രയോഗിക്കുന്നതിലുള്ള പ്രായോഗിക പ്രശ്നങ്ങൾ<br>• അറിവിന്റെ നിർമ്മാണം എന്നതിൽ ഊന്നി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലുള്ള പരിമിതികൾ | ഉൾപ്പെടുത്തി ലോക്കൽ ടെക്സ്റ്റ് തയ്യാറാക്കൽ<br>ലോക്കൽ ടെസ്റ്റ് അടിസ്ഥാനമാക്കിയുള്ള വർക്ക് ബുക്ക് തയ്യാറാക്കൽ<br>ക്ലാസ്സുമുറികളിൽ ജ്ഞാനനിർമ്മിതിയെ പ്രോത്സാഹിപ്പിക്കുന്ന പഠന മൂല്യ നിർണ്ണയ പ്രവർത്തനങ്ങൾ അധ്യാപകരുടെ മറ്റ് പ്രവർത്തനങ്ങളുടെ ബാഹുല്യം കുറയ്ക്കുകയും പഠന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും ചെയ്യുക | പഠനാസൂത്രണം വർക്കുബുക്കു നിർമ്മാണം, പഠനസമയം എന്നിവ<br>ആസൂത്രണം ചെയ്യുക |
| **ഭൗതിക സംവിധാനം**<br>• ക്ലാസ്സടിസ്ഥാനത്തിലുള്ള പഠന വസ്തുക്കളുടെ ലഭ്യതക്കുറവ്<br>• ഐ.സി.ടി. ക്ലാസ്സുമുറികളുടെ കുറവ് | ക്ലാസ്സ് പി.ടി.എ. ശക്തിപ്പെടുത്തുക | എന്റെ കുട്ടി ക്ലാസ്സ് പി.ടി.എ. ശാക്തീകരണം |

| | | |
|---|---|---|
| **<u>രക്ഷിതാക്കൾ</u>**<br>• കുട്ടിയുടെ പഠന നിലവാരം വിലയിരുത്താനോ മാർഗ്ഗനിർദ്ദേശം നൽകുവാനോ കഴിവില്ലായ്മ<br>• ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് വേണ്ടത്ര പിന്തുണ നൽകുവാൻ കഴിയാത്തത് | | |

## <u>നമ്മുടെ ശാസ്ത്ര പുസ്തകം</u>

പാഠപുസ്തകങ്ങളുടെ മികച്ച ആസൂത്രണം പാഠ്യപദ്ധതി നിർവ്വഹണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭാഷാപരമായ പരിമിതി നേരിടുന്ന കുട്ടികൾ എന്ന നിലയിൽ പാഠപുസ്തകങ്ങളുടെ അനുരൂപീകരണം ആവശ്യമാണ്.

## <u>എന്റെ കുട്ടി</u>

ഈ പദ്ധതിയിലൂടെ കുട്ടിയെയും ഭവനാന്തരീക്ഷത്തെയും കൂടുതൽ അടുത്തറിയാൻ കഴിയും കേസ് ഹിസ്റ്ററി രേഖപ്പെടുത്തി സൂക്ഷിക്കൽ ഇതിന്റെ ഭാഗമാണ്. ക്ലാസ്സ് പി.ടി.എ. ശക്തിപ്പെടുത്തലാണ് മറ്റൊരു ലക്ഷ്യം ഇത് പാഠ്യപദ്ധതി നിർവ്വഹണത്തെ സഹായിക്കും.

# പ്രവർത്തന പദ്ധതി വിശകലം

**പ്രശ്നം 1.** : എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിത്ത ആശയങ്ങും ശേഷികളും നേടുവാൻകഴിയുന്നില്ല.

